# മുജാഹിദ് ഐക്യം സുമനസ്സുകളുടെ സ്വപ്നം

● ശൈഖ് മുഹമ്മദ് കാരകുന്ന്

**കേരളമുസ്‌ലിം** നവോത്ഥാനത്തിൽ ഇസ്‌ലാഹീ സംഘടനകൾ വഹിച്ച പങ്ക് വിവരണമാവശ്യമില്ലാത്തവിധം സുവിദിതമാണ്. 1922-ൽ കൊടുങ്ങല്ലൂരിൽ കേരള മുസ്‌ലിം ഐക്യസംഘം രൂപംകൊണ്ടതോടെയാണ് കേരളത്തിൽ ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കപ്പെടുന്നത്. കൊടിയ അജ്ഞതയും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും മുസ്‌ലിം സമുദായത്തെ അടക്കി ഭരിച്ചിരുന്ന കാലമായിരുന്നു അത്. സയ്യിദ് സനാഉല്ലാ മക്തി തങ്ങളുടെ പ്രവർത്തനങ്ങളുടെ സ്വാധീനവും ശൈഖ് ഹമദാനിയുടെ *ഇൽഫതുൽ ഇസ്‌ലാം* പാകപ്പെടുത്തിയ സാമൂഹിക പരിസരവും കെ.എം. മൗലവി, ഇ.കെ മൗലവി, എൻ.വി അബ്ദുസ്സലാം മൗലവി, എം.സി.സി അബ്ദുർറഹ്മാൻ മൗലവി, എ. അലവി മൗലവി, ശൈഖ് മുഹമ്മദ് മൗലവി, എ.കെ അബ്ദുല്ലത്വീഫ് മൗലവി, പി. സൈദ് മൗലവി, ഡോ. എം. ഉസ്മാൻ, കെ.എൻ ഇബ്റാഹീം മൗലവി, പി.കെ മൂസ മൗലവി, കെ.പി മുഹമ്മദ് ഇബ്നു അഹ്മദ് തുടങ്ങിയ പണ്ഡിതന്മാരുടെ സംഘാടന കഴിവുമാണ് ഇസ്‌ലാഹീ സംരംഭങ്ങളുടെ രംഗപ്രവേശത്തിനും വളർച്ചക്കും വഴിയൊരുക്കിയത്.

1924-ൽ ആലുവയിൽ ചേർന്ന കേരള മുസ്‌ലിം ഐക്യസംഘത്തിന്റെ രണ്ടാം വാർഷിക സമ്മേളനത്തിൽ, കേരള ജംഇയ്യതുൽ ഉലമ രൂപം കൊണ്ടതോടെ ഇസ്‌ലാഹീ പ്രവർത്തനങ്ങൾക്ക് വ്യവസ്ഥാപിതത്വവും കരുത്തും കൈവന്നു. ഇതിന്റെ തുടർച്ചയായി 1950-ൽ കേരള നദ്‌വതുൽ മുജാഹിദീൻ പിറവിയെടുത്തതോടെ പ്രവർത്തനങ്ങളിൽ സാധാരണക്കാർക്കും പങ്കാളിത്തം ലഭിച്ചു. തുടർന്നുണ്ടായ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ യുവാക്കൾക്കും വിദ്യാർഥികൾക്കും വനിതകൾക്കുമെല്ലാം പ്രത്യേകം വേദികൾ രൂപം കൊണ്ടു. അങ്ങനെ കേരളത്തിൽ പടർന്നു പന്തലിക്കാനും സമുദായത്തിലെ സജീവസാന്നിധ്യമാകാനും മുജാഹിദ് സംഘടനകൾക്കു സാധിച്ചു.

### മഹത്തായ സംഭാവനകൾ

കേരള മുസ്‌ലിം മുന്നേറ്റത്തിൽ ചെറുതല്ലാത്ത പങ്കുവഹിക്കാൻ നദ്‌വതുൽ മുജാഹിദിന്റെ പ്രവർത്തനങ്ങൾക്കു സാധിച്ചിട്ടുണ്ട്. അത്യന്തം അപകടകരമായ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും സമുദായത്തിലെ ഗണ്യമായ ഒരു വിഭാഗത്തെ മോചിപ്പിക്കാൻ ഇസ്‌ലാഹീ സംഘടനകൾക്കു കഴിഞ്ഞു. മുസ്‌ലിംകളുടെ വിദ്യാഭ്യാസ വളർച്ചയിലും സാമൂഹികപുരോഗതിയിലും നിർണായക പങ്കുവഹിച്ചു. ഭൗതിക വിദ്യാഭ്യാസത്തോട് മുഖംതിരിച്ചു നിന്നിരുന്ന മുസ്‌ലിം സമൂഹത്തിന്റെ മനോഗതം മാറ്റുന്നതിലും സ്ത്രീകൾ അക്ഷരം പഠിക്കുന്നതിൽ നിലനിന്നിരുന്ന വിലക്കുകൾ നീക്കുന്നതിലും മുജാഹിദ് സംഘടന സാരമായ സ്വാധീനം ചെലുത്തി. അശാസ്ത്രീയമായ പാഠ്യരീതികൾ പിന്തുടർന്നിരുന്ന ഓത്തുപള്ളികൾക്കും പള്ളിദർസുകൾക്കും പകരം മദ്റസകളും അറബി കോളേജുകളും സ്ഥാപിക്കുന്നതിലും വളർത്തിക്കൊണ്ടു വരുന്നതിലും ഇസ്‌ലാഹീ പ്രവർത്തകർ പങ്കുവഹിച്ചു. സമുദായത്തിന്റെ ശ്രദ്ധ വിശുദ്ധഖുർആന്റെയും പ്രവാചക ചര്യയുടെയും പഠനത്തിലേക്കു തിരിച്ചു വിടുന്നതിലും ചെറുതല്ലാത്ത സംഭാവനകളർപ്പിച്ചു. മുസ്‌ലിം കേരളത്തിന്റെ ബഹുമുഖമായ വളർച്ചയിൽ അഭിമാനാർഹമായ നേട്ടം തന്നെയാണിതെല്ലാം.

### നിർഭാഗ്യകരമായ പിളർപ്പ്

1997-ൽ കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ നടന്ന കേരള നദ്‌വതുൽ മുജാഹിദീന്റെ അഞ്ചാം സംസ്ഥാനസമ്മേളനത്തോടെ തന്നെ സംഘടനയിൽ അപസ്വരങ്ങളുയരാനും ഭിന്നതകളുടെ ലാഞ്ഛനകൾ പ്രകടമാകാനും തുടങ്ങിയിരുന്നുവെങ്കിലും അഞ്ചുകൊല്ലം കഴിഞ്ഞാണ് പൂർണമായ പിളർപ്പ് സംഭവിച്ചത്. 2002 ആഗസ്റ്റ് 27-ന് ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ കേരള നദ്‌വതുൽ മുജാഹിദീൻ സംസ്ഥാന സമിതിയിലെ ഒമ്പത് അംഗങ്ങൾ ചേർന്ന് സംസ്ഥാന ഭാരവാഹികളെയും സമിതിയെയും പിരിച്ചു വിട്ടതായി പ്രഖ്യാപിച്ച് പുതിയ സമിതിയെയും ഭാരവാഹികളെയും തെരഞ്ഞെടുത്തു. അതോടെ പിളർപ്പ് പൂർണമായി. ഇരു വിഭാഗത്തിനും തങ്ങളുടേതായ പണ്ഡിത, യുവജന, വിദ്യാർഥി, വനിതാ സംഘടനകളും രൂപം കൊണ്ടു. പിളർപ്പ് ആറാം സംസ്ഥാന സമ്മേളനത്തിന്റെ

തൊട്ടുമുമ്പായിരുന്നതിനാൽ അതേ വർഷം തന്നെ ഒരു വിഭാഗം എറണാകുളത്തും മറുപക്ഷം കോഴിക്കോട്ടും സംസ്ഥാന സമ്മേളനങ്ങൾ നടത്തി.

അഞ്ചു വർഷത്തിനുശേഷം ഇപ്പോൾ രണ്ടു വിഭാഗവും സംസ്ഥാനസമ്മേളനങ്ങൾ നടത്തുകയാണ്.ഇരു പക്ഷത്തിന്റേതും ഏഴാം സംസ്ഥാനസമ്മേളനമാണ്. ഒന്ന് മലപ്പുറം ജില്ലയിലെ ചങ്ങരംകുളത്തും മറ്റേത് വയനാട് ജില്ലയിലെ പനമരത്തും. രണ്ടു സമ്മേളനങ്ങൾക്കുമിടയിൽ ഒരു മാസത്തിന്റെ വ്യത്യാസംപോലുമില്ല. സമ്മേളന പ്രചാരണങ്ങളിൽ രണ്ടു വിഭാഗവും പരസ്പരം മത്സരത്തിലാണ്. അതുകൊണ്ടുതന്നെ ഇരു സമ്മേളനങ്ങളുടെയും ചുമരെഴുത്തുകളും ബാനറുകളും ബോർഡുകളും നോട്ടീസുകളും എങ്ങും നിറഞ്ഞുനിൽക്കുന്നു. നഗരങ്ങളിലും ഗ്രാമങ്ങളിലുമെല്ലാം വളരെ വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടന്നു കഴിഞ്ഞു. ഇത് സഹോദര സമുദായങ്ങളെ എത്രമാത്രമാണ് ആശയക്കുഴപ്പത്തിലാക്കിയതെന്ന് അവരുമായി അടുത്തിടപഴകുന്നവർക്ക് അനായാസം ബോധ്യമാകും.

## ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ

മുജാഹിദ് സംഘടനയിലെ പിളർപ്പിന്റെ കാരണം കണ്ടെത്താനും ഇരു വിഭാഗത്തിനുമിടയിലുള്ള വ്യത്യാസം മനസ്സിലാക്കാനും അമുസ്‌ലിം സഹോദരങ്ങൾക്കു മാത്രമല്ല; മുസ്‌ലിം സമുദായത്തിലെ മുജാഹിദുകാരല്ലാത്തവർക്കും ഒരു പക്ഷേ, മുജാഹിദുകാർക്കും സാധിക്കുമെന്ന് തോന്നുന്നില്ല. ഇരുവിഭാഗവും പലതും പറയുന്നുണ്ടെങ്കിലും അതൊന്നും ഒരു പിളർപ്പിന് നിമിത്തമാകുംവിധം മൗലികമോ ഗുരുതരമോ ആയി മനസ്സിലാക്കപ്പെടുന്നില്ല. അതോടൊപ്പം ഇരുവിഭാഗത്തിനുമിടയിലുള്ള ശത്രുതയും മത്സരവും ഏറെ കടുത്തതും അത്യന്തം അപകടകരവുമത്രെ. മുജാഹിദ് പ്രവർത്തനങ്ങൾ നടക്കുന്ന മിക്ക പ്രദേശങ്ങളിലും പള്ളികളുടെയും മദ്റസകളുടെയും പേരിൽ തർക്കവും കേസും നിലനിൽക്കുന്നു. പിളർപ്പ് മതസ്ഥാപനങ്ങളിൽ മാത്രമല്ല; കുടുംബങ്ങളിലും വീടുകളിലും വരെ സംഘർഷങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണമായിരിക്കുന്നു. ഇരു വിഭാഗത്തിനുമിടയിലുള്ള നിരവധി കേസുകൾ കോടതികളിലും പോലീസ് സ്റ്റേഷനുകളിലും നടന്നുകൊണ്ടിരിക്കുന്നു. പള്ളികളും മദ്റസകളും ഓഫീസുകളും സ്വന്തമാക്കാൻ ഇരു വിഭാഗവും നടത്തുന്ന ശ്രമങ്ങൾ സംഘർഷങ്ങൾക്കും കുഴപ്പങ്ങൾക്കും ഇടവരുത്തുന്നു. പള്ളി പൊളിച്ചതായും പള്ളിക്ക് അനുവാദം ലഭിക്കാതിരിക്കാൻ ശ്രമിച്ചതായും ആക്ഷേപങ്ങളുയരുന്നു.സ്റ്റേജുകളിലും പേജുകളിലും പരസ്പരമുപയോഗിക്കുന്ന പദപ്രയോഗങ്ങളും പരിഹാസങ്ങളും കുത്തുവാക്കുകളും ജമാഅത്തെ ഇസ്‌ലാമിക്കും സുന്നികൾക്കുമെതിരെ ഉപയോഗിക്കുന്നവപോലെയോ അതിലേറെ രൂക്ഷമോ ആണ്. സംഘടനയുടെയും പത്രപ്രസിദ്ധീകരണങ്ങളുടെയും പേരുപോലും പരസ്പരം ഉപയോഗിക്കുന്നത് ഇസ്‌ലാമിക സംസ്കാരത്തിന് യോജിക്കും വിധമാണോയെന്ന് മുജാഹിദ് സഹോദരന്മാർ ആലോചിക്കേണ്ടിയിരിക്കുന്നു. മുജാഹിദ് പ്രവർത്തകർ ചേരി തിരിഞ്ഞ് നടത്തുന്ന കിടമത്സരങ്ങളും പരസ്പര നശീകരണ ശ്രമങ്ങളും ആർക്കെങ്കിലും എന്തെങ്കിലും ഗുണം ചെയ്യുമോയെന്ന് ആത്മാർഥമായി പരിശോധിക്കേണ്ടതുണ്ട്.

നേരത്തെ 'സമസ്ത' പിളർന്ന് രണ്ടു ഗ്രൂപ്പുകളായി മാറിയപ്പോൾ സംഭവിച്ചതിനേക്കാൾ വീറും വാശിയുമാണ് മുജാഹിദ് വിഭാഗങ്ങൾക്കിടയിൽ കാണപ്പെടുന്നത്. ഇരു വിഭാഗവും ഒരേസമയം സംസ്ഥാന സമ്മേളനങ്ങൾ സംഘടിപ്പിച്ചതും വിപുലമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതുമായിരിക്കാം ഇതിനു കാരണം. ഏതായാലും പരസ്പരമുപയോഗിക്കുന്ന വിമർശനങ്ങളുടെ ശൈലികളും കുത്തുവാക്കുകളും പരിഹാസങ്ങളും 'സമസ്ത'യിലെ ഇരുവിഭാഗവും ഉപയോഗിച്ചതിനേക്കാൾ നിലവാരം കൂടിയതല്ല എന്ന ധാരണയാണ് പൊതുവെ നിലനിൽക്കുന്നത്. അതോടൊപ്പം 'സമസ്ത' യിലെ പിളർപ്പ് സൃഷ്ടിച്ച പ്രത്യാഘാതങ്ങളെക്കാൾ ഗുരുതരവും അപകടകരവുമാണ് മുജാഹിദ് സംഘടനയിലുണ്ടായ ഖേദകരമായ പിളർപ്പ്. സമുദായത്തിലെ ചിന്താശേഷിയും കാര്യബോധവുമുള്ളവരെ കൂടുതൽ ആശങ്കയിലും ആശയക്കുഴപ്പത്തിലും ദുഃഖത്തിലും അകപ്പെടുത്തുന്നതാണത്. ജിന്ന് വിവാദവും മരം നടൽ തർക്കവുമൊക്കെ മുജാഹിദുകളുടെ പ്രബുദ്ധതയെയും സംസ്കാരത്തെയും സംബന്ധിച്ച മതിപ്പിന് മങ്ങലേൽപ്പിച്ചിട്ടുണ്ടോ എന്ന് വിലയിരുത്തേണ്ടത് മറ്റാരെക്കാളും അവർതന്നെയാണ്.

## തീരാ നഷ്ടം

ഒരു പ്രമുഖ ഇംഗ്ലീഷ് പത്രത്തിന്റെ കോഴിക്കോട്ടെ ചീഫ് കറസ്പോണ്ടന്റ് ഏതാനും മാസം മുമ്പ് ചോദിച്ചു: 'കോഴിക്കോട്ടുനിന്നുമാത്രം ഇരുപതിലേറെ മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ പുറത്തിറങ്ങുന്നുണ്ട്. ധാരാളം മതസമ്മേളനങ്ങളും പരിപാടികളും നടക്കുന്നുണ്ട്. എന്നിട്ടും എന്താണ് അതിനനുസൃതമായ സാംസ്കാരിക നിലവാരവും വളർച്ചയും മുസ്‌ലിംകളിൽ കാണപ്പെടാത്തത്?'

കേരളത്തിലെ ഇസ്‌ലാമിക പ്രവർത്തകർ സഹോദരസമുദായങ്ങളിൽ നിന്ന് നിരന്തരം നേരിടാറുള്ള ചോദ്യംതന്നെയാണ് ആ പത്രപ്രവർത്തകനും ഉന്നയിച്ചത്. മുസ്‌ലിം പ്രസിദ്ധീകരണങ്ങൾ ഒരാവൃത്തി പരിശോധിക്കുകയും പ്രഭാഷണങ്ങൾ ശ്രദ്ധിക്കുകയും ചെയ്താൽ കാരണം മനസ്സിലാകുമെന്ന് അദ്ദേഹത്തെ



ഹുസൈൻ മടവൂരും ടി.പി അബ്ദുല്ലക്കോയ മദനിയും ഇ.മൊയ്തുമൗലവിയോടൊപ്പം




കെ.എം മൗലവി



എം.സി.സി
അബ്ദുർറഹ്മാൻ മൗലവി



കെ.എൻ ഇബ്‌റാഹീം
മൗലവി



ഡോ. എം. ഉസ്മാൻ

**സംഘടനയുടെയും പത്രപ്രസിദ്ധീകരണങ്ങളുടെയും പേരുപോലും പരസ്പരം ഉപയോഗിക്കുന്നത് ഇസ്‌ലാമിക സംസ്കാരത്തിന് യോജിക്കും വിധമാണോയെന്ന് മുജാഹിദ് സഹോദരന്മാർ ആലോചിക്കേണ്ടിയിരിക്കുന്നു. മുജാഹിദ് പ്രവർത്തകർ ചേരിതിരിഞ്ഞ് നടത്തുന്ന കിടമത്സരങ്ങളും പരസ്പര നശീകരണ ശ്രമങ്ങളും ആർക്കെങ്കിലും എന്തെങ്കിലും ഗുണം ചെയ്യുമോയെന്ന് ആത്മാർഥമായി പരിശോധിക്കേണ്ടതുണ്ട്**

അറിയിച്ചത് കടുത്ത ദുഃഖത്തോടെയാണ്. ഇവിടുത്തെ മതസംഘടനകളുടെ പ്രസിദ്ധീകരണങ്ങളും പ്രസംഗ സ്റ്റേജുകളും കാര്യമായും വിനിയോഗിക്കപ്പെടുന്നത് തങ്ങൾ 'ശത്രു'ക്കളായി കാണുന്ന മുസ്‌ലിം സംഘടനകളെ വിമർശിക്കാനും അവയുടെ ന്യൂനതകളും കുറവുകളും കണ്ടെത്തി ആക്ഷേപ ശകാരങ്ങൾ ചൊരിയാനുമാണ്. അനുയായികളെ വിദ്യാഭ്യാസം ചെയ്യിക്കാനോ സംസ്കരിക്കാനോ അല്ല. ഇതുതന്നെയാണ് അവയുടെ സദ്ഫലങ്ങൾ സമൂഹത്തിൽ കാണപ്പെടാതിരിക്കാനുള്ള മുഖ്യകാരണം.

മുജാഹിദ് സംഘടനകളുടെ പിളർപ്പിനു ശേഷം ഇരു വിഭാഗത്തിന്റെയും ശ്രമങ്ങളിൽ നല്ലൊരു പങ്ക് പരസ്പര വിമർശനത്തിനും ശത്രുതാപ്രകടനത്തിനുമാണ് വിനിയോഗിക്കപ്പെടുന്നത്. മുജാഹിദ് സംഘടനകൾ സമീപകാലത്ത് പുറത്തിറക്കിയ പുസ്തകങ്ങളിൽ പലതും പരസ്പരം വിമർശിക്കുന്നവയാണ്. ലേഖനങ്ങളും പ്രസംഗങ്ങളും അവ്വിധം തന്നെ.

അടിസ്ഥാന വിഷയങ്ങളിലും മൗലികപ്രശ്നങ്ങളിലും കാര്യമായ ഭിന്നതകളില്ലാത്ത മുജാഹിദുകളിലെ ഇരുവിഭാഗവും ഇപ്പോൾ നടത്തുന്ന സമ്മേളനങ്ങൾക്കായി വിനിയോഗിക്കുന്ന അധ്വാനവും സമ്പത്തും സമയവും എത്രയാണെന്ന് കണക്കാക്കുക പ്രയാസം. പിളർപ്പില്ലായിരുന്നെങ്കിൽ ആവശ്യമായതിന്റെ ഇരട്ടിയിലേറെ വരുമെന്നുറപ്പ്. ഒന്ന് രണ്ടാകുന്നതോടൊപ്പം പരസ്പരം എതിർപ്പിനാവശ്യമായതുംകൂടി കൂട്ടണമല്ലോ. അല്ലാഹു നമുക്കു നൽകിയ സമയവും സമ്പത്തും ആരോഗ്യവും എഴുതാനും പ്രസംഗിക്കാനും പ്രവർത്തിക്കാനുമുള്ള കഴിവും നാം വിനിയോഗിക്കുന്നത് ഫലപ്രദമായ മാർഗത്തിൽ തന്നെയാണോ? അല്ലാഹു ഇഷ്ടപ്പെടുകയും അവൻ പ്രതിഫലം നൽകുകയും ചെയ്യും വിധമാണോ? ആത്മപരിശോധനയും സ്വയം വിലയിരുത്തലും വിചാരണയും അനിവാര്യമായ കാര്യമാണല്ലോ ഇത്.

### പ്രതിഛായാ നഷ്ടം

കേരളത്തിലെ മതസംഘടനകളുടെ പ്രവർത്തനങ്ങളും അവയ്ക്കിടയിലുള്ള കിടമത്സരങ്ങളും സഹോദരസമുദായങ്ങളിൽ ഇസ്‌ലാമിനെയും മുസ്‌ലിംകളെയും സംബന്ധിച്ച മതിപ്പ് കുറക്കാനും പ്രതിഛായ മോശമാക്കാനും കാരണമാകുന്നുണ്ടെന്നത് സുസമ്മതമത്രെ. പത്രങ്ങളിലൂടെയും പ്രസംഗവേദികളിലൂടെയും പരസ്പര ആക്ഷേപശകാരങ്ങൾ നടത്തുന്നത് ശ്രദ്ധിക്കുന്ന ഏതൊരു അമുസ്‌ലിമും ഇസ്‌ലാമിലേക്ക് അടുക്കുകയല്ല; അകലുകയാണ് ചെയ്യുക. മുസ്‌ലിംകൾ തങ്ങളുടേതല്ലാത്ത സംഘടനകളെ സംബന്ധിച്ച് അമുസ്‌ലിംകളോട് മോശമായി സംസാരിക്കുകകൂടി ചെയ്യുമ്പോൾ എന്താണ് സംഭവിക്കുകയെന്ന് ഊഹിക്കാവുന്നതേയുള്ളൂ. പരസ്പരം ഒറ്റിക്കൊടുക്കാനുള്ള ശ്രമം ഇതിനൊക്കെയും അപ്പുറമാണ്. ഇപ്പോൾ ഒരേ പേരിൽ രണ്ടു സംഘടനകൾ രണ്ടു ജില്ലകളിലായി രണ്ടു സംസ്ഥാനസമ്മേളനങ്ങൾ നടത്തുകയാണ്. ഇത് മതത്തെയും മതസംഘടനകളെയും നേതാക്കളെയും സംബന്ധിച്ച് ഇതര മതസമൂഹങ്ങളിലുണ്ടാക്കുന്ന ബോധം എന്തായിരിക്കുമെന്ന് ചിന്തിക്കാവുന്നതേയുള്ളൂ.


ഇതര മതസമൂഹങ്ങളിലെന്നപോലെ മുസ്‌ലിം ചെറുപ്പക്കാരിലും അഭ്യസ്തവിദ്യരിലും മതത്തെയും മതനേതൃത്വത്തെയും പണ്ഡിതന്മാരെയും സംബന്ധിച്ച മതിപ്പും ആദരവും ഇല്ലാതാക്കാനും സംഘടനകൾക്കിടയിലെ ഭിന്നിപ്പുകളും പിളർപ്പുകളും പരസ്പര വിമർശനങ്ങളും കാരണമാകുന്നുണ്ട്. ഇതൊക്കെ കണ്ടും കേട്ടും, മടുപ്പും വെറുപ്പും തോന്നി ആരെങ്കിലും ഇസ്‌ലാമിൽ നിന്ന് അകന്നാൽ അല്ലാഹുവിന്റെ മുമ്പിൽ ആരാണ് ഉത്തരവാദികളാവുകയെന്ന ചിന്തയും ചോദ്യവും ഏറെ പ്രസക്തമാണ്. മതവും മതസംഘടനകളുമൊക്കെ ചിലർക്ക് നേതാക്കളാകാനും സുഖജീവിതത്തിന് സാഹചര്യ



പി.കെ മൂസ മൗലവി



എ. അലവി മൗലവി



എൻ.വി അബ്ദുസ്സലാം മൗലവി



ശൈഖ് മുഹമ്മദ് മൗലവി

**ഇതര മതസമൂഹങ്ങളിലെന്നപോലെ മുസ്‌ലിം ചെറുപ്പക്കാരിലും അഭ്യസ്തവിദ്യരിലും മതത്തെയും മതനേതൃത്വത്തെയും പണ്ഡിതന്മാരെയും സംബന്ധിച്ച മതിപ്പും ആദരവും ഇല്ലാതാക്കാനും സംഘടനകൾക്കിടയിലെ ഭിന്നിപ്പുകളും പിളർപ്പുകളും പരസ്പര വിമർശനങ്ങളും കാരണമാകുന്നുണ്ട്. ഇതൊക്കെ കണ്ടും കേട്ടും, മടുപ്പും വെറുപ്പും തോന്നി ആരെങ്കിലും ഇസ്‌ലാമിൽ നിന്ന് അകന്നാൽ അല്ലാഹുവിന്റെ മുമ്പിൽ ആരാണ് ഉത്തരവാദികളാവുകയെന്ന ചിന്തയും ചോദ്യവും ഏറെ പ്രസക്തമാണ്**

മൊരുക്കാനുമുള്ളതാണെന്ന കാഴ്ചപ്പാട് വളർന്നുവരുന്നുണ്ടെന്ന വസ്തുത കാണാതിരിക്കുന്നത് അത്യന്തം അപകടകരമാണ്. മതരംഗത്ത് പ്രവർത്തിക്കുന്നവർക്ക് മത കച്ചവടക്കാരെന്ന മുദ്രപതിയാൻ തുടങ്ങിയിട്ടുണ്ട്. സമൂഹത്തിന് മനസ്സിലാക്കാൻ സാധിക്കുന്ന കാരണങ്ങളില്ലാത്ത പിളർപ്പുകളും ഭിന്നതകളും തുടർന്ന് നടക്കുന്ന പരസ്പര പോരും ഇതിൽ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

### യോജിച്ചുകൂടേ?

മുസ്‌ലിം ഐക്യം മുമ്പത്തെക്കാളുമേറെ അനിവാര്യമായ അവസ്ഥയാണ് അന്തർ ദേശീയ,ദേശീയ, സംസ്ഥാന തലങ്ങളിലുള്ളത്. മൗലികവിഷയങ്ങളിൽ ഭിന്നവീക്ഷണങ്ങളുള്ള സംഘടനകൾക്ക് ലയിച്ചു ഒന്നാകാൻ സാധിച്ചെന്നുവരില്ല. എന്നാൽ അവയ്ക്കും വിനാശകരമായ പരസ്പര പോരിനും അനാരോഗ്യകരമായ മത്സരങ്ങൾക്കും അറുതിവരുത്തി പൊതുവായി യോജിക്കാവുന്ന കാര്യങ്ങളിൽ ഒന്നിച്ചു നിൽക്കാൻ സാധിക്കും. വിവിധ മതസംഘടനകൾക്കിടയിൽ പരസ്പര ബന്ധത്തിലും വിമർശനങ്ങളിലും സ്വീകാര്യമായ പെരുമാറ്റച്ചട്ടങ്ങളോ ആരോഗ്യകരമായ സമീപനങ്ങളോ രൂപപ്പെട്ടു വരികയോ അംഗീകരിക്കപ്പെടുകയോ ചെയ്തിട്ടില്ല. എങ്കിലും പൊതുപ്രശ്നങ്ങളിൽ യോജിക്കാനും കൂട്ടായ്മ രൂപപ്പെടുത്താനും ഒരു പരിധിയോളം കേരള മുസ്‌ലിംകൾക്ക് പലപ്പോഴും സാധിച്ചിട്ടുണ്ട്. ഇപ്പോഴും സാധിക്കുന്നുമുണ്ട്.

എന്നാൽ, മുജാഹിദ് സംഘടനകൾക്കിടയിൽ പരസ്പരം യോജിച്ച് ഒന്നാകാൻ സാധ്യമല്ലാത്ത വിധമുള്ള രൂക്ഷമായ ഭിന്നതകളൊന്നും മൗലികവിഷയങ്ങളിലില്ല. പിളർപ്പിന്റെ ഫലമായി ഇരുവിഭാഗവും അകലുകയും അനിഷ്ടകരമായ സമീപനങ്ങൾ സ്വീകരിക്കുകയും രൂക്ഷമായ വിമർശനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ടാവും. അല്ലാഹുവിന്റെ പ്രീതിയും പരലോക നേട്ടവും കേരള മുസ്‌ലിംകളുടെ പുരോഗതിയും ഇസ്‌ലാമിന്റെ നന്മയും ആഗ്രഹിച്ച് ക്ഷമിക്കാവുന്നവയും മറക്കാവുന്നവയും പൊറുക്കാവുന്നവയുമല്ലാത്ത ഒന്നുമില്ലല്ലോ. അതിനാൽ നിശ്ചയിക്കപ്പെട്ട സമ്മേളനങ്ങൾ കഴിഞ്ഞാൽ ഒട്ടും വൈകാതെ ഇരു സംഘടനകളും യോജിച്ച് ഒന്നാകണമെന്നാണ് കേരളത്തിലെ സുമനസ്സുകളൊക്കെയും ആഗ്രഹിക്കുന്നത്. സമ്മേളനങ്ങളിലെ പരിപാടികൾ അകൽച്ചയുടെ ദൂരം വർധിപ്പിക്കുന്നതിനു പകരം കുറക്കാൻ സഹായകരമാകും വിധമാകുന്നത് ഏറെ ഗുണകരമായിരിക്കും. പിളർന്നുപോയ സമസ്ത വിഭാഗങ്ങളുടെ യോജിപ്പും മുജാഹിദ് സംഘടനകളുടെ ലയനവും ഇസ്‌ലാമിനും മുസ്‌ലിംകൾക്കും നാടിനും നാട്ടുകാർക്കും ഗുണവും നന്മയുമല്ലാതെ ഒരു ദോഷവും വരുത്തുകയില്ല. സമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള സമരം ശക്തിപ്പെടുത്താനും പരസ്പര മത്സരത്തിൽ പാഴാവുന്ന അധ്വാനപരിശ്രമങ്ങൾ സമുദായ പുരോഗതിക്കായി വിനിയോഗിക്കാനും സാധിക്കും. അതിനാൽ മുജാഹിദ് സംഘടനകളുടെ നേതാക്കളും പണ്ഡിതന്മാരും പരസ്പരയോജിപ്പിന് ആത്മാർഥമായി ശ്രമിക്കണമെന്നും സമ്മേളനങ്ങൾ അതിനു സഹായകമാകണമെന്നും ആഗ്രഹിക്കുന്നു. കേരള മുസ്‌ലിംകളുടെ ഹൃദയാഭിലാഷം അതാണെന്നും പൊതുസമൂഹത്തിന്റെ താൽപര്യംപോലും അതിലാണെന്നും തിരിച്ചറിഞ്ഞ് ഉയർന്ന നിലവാരത്തിൽ നിന്നുകൊണ്ട് അനുകൂല സമീപനം സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ■